| പതിനാലാം കേരള നിയമസഭ<br>പതിമൂന്നാം സമ്മേളനം | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 572 | 29/11/2018 ൽ<br>മറുപടിക്ക് |

**പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ നവീകരണം**

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 മുതലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട പ്രവർത്തനമാണ് വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ കാഴ്ച്ചവെച്ചിരിക്കുന്നത്. സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവിൽ വർദ്ധനവ് വരുത്തുന്നതിനും മൊത്തം നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു.<br><br>ഇതിനുവേണ്ടി കൂടുതൽ ധനസഹായം ബഡ്ജറ്റിൽ പ്രത്യേകമായി അനുവദിക്കുകയും ചെയ്തുവരുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തി നൽകി. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ |

| | | | |
|---|---|---|---|
| | | | പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതിക വിദ്യകൾ നടപ്പിൽ വരുത്തി ആധുനികവത്ക്ക രിക്കുന്നതിനും വിപുലീക രിക്കുന്നതിനുമുള്ള പദ്ധതികൾ ക്കാണ് മുൻ തൂക്കം നൽകിയിരിക്കുന്നത്. |
| ബി) | ഈ സർക്കാരിന്റെ കാലയളവിൽ ലാഭത്തിലായ പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ TTP, TCC, SIFL, TELK, Traco Cable Company Ltd, KSIE, KSDP എന്നിവയാണ്. |
| സി) | അടച്ചുപൂട്ടൽ നേരിടുന്ന പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ? | സി) | വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നില്ല. |

സെക്ഷൻ ഓഫീസർ